(ഇ) ഇവർക്കെതിരെ വകുപ്പുതല അന്വേഷണം, സസ്പെൻഷൻ തുടങ്ങിയ ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വൈദ്യുതി മോഷണവുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി.യ്ക്ക് ലഭിച്ച അധിക വരുമാനം

6 [316] *ശ്രീ. എം. എ. വാഹിദ്* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 വർഷം മുതൽ സംസ്ഥാനത്ത് ഗാർഹിക ആവശ്യങ്ങൾക്കായി എത്ര പേർക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്;

(ബി) കഴിഞ്ഞ ഒരു വർഷക്കാലയളവിൽ വൈദ്യുതി മോഷണവുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി. എത്ര തുക ഈടാക്കുകയുണ്ടായി;

(സി) കെ.എസ്.ഇ.ബി. യുടെ ആകെ വരുമാനത്തിൽ ഇത് എത്ര ശതമാനം വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 13,64,622 പേർക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്.

(ബി) 7,96,94,217 രൂപ.

(സി) ഏകദേശം 0.247 ശതമാനം.

വൈദ്യുതി മോഷണം കണ്ടെത്തുകവഴി പിരിച്ചെടുത്ത തുക

7 [317] *ശ്രീ. തമ്പാനൂർ രവി* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മോഷണംമൂലം വൈദ്യുതി ബോർഡിന് 2004-05 സാമ്പത്തിക വർഷത്തിലുണ്ടായ നഷ്ടം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) വൈദ്യുതി മോഷണക്കേസുകൾ കൈകാര്യം ചെയ്യുവാൻ പ്രത്യേക കോടതി രൂപീകരിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) 2004-05 സാമ്പത്തിക വർഷത്തിൽ ഇങ്ങനെ ക്രമക്കേട് നടത്തിയവരിൽ നിന്നും പിരിച്ചെടുത്ത തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 40,45,84,926 രൂപ.

LIBRARY ARCHIVES Kerala Legislative Assembly